"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. ഡിഎ1/55/2022-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 02-03-2022

<u>സർക്കുലർ</u>

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കായി വിഷയങ്ങൾ നൽകുന്നത് - സംബന്ധിച്ച്.

സൂചന:-

1. ഡിഎ1/629/2018-തസ്വഭവ നമ്പർ സർക്കുലർ; തീയതി 31.08.2018
2. ഡിഎ1/287/2019-തസ്വഭവ നമ്പർ സർക്കുലർ; തീയതി 25.09.2019
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 10.02.2022-ന് നടന്ന യോഗത്തിന്റെ തീരുമാനം - 3.2, 3.3, 3.4

**********************

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കായി വിഷയങ്ങൾ നൽകുന്നതിന് ഐ.കെ.എം. പ്രത്യേക പോർട്ടൽ സജ്ജീകരിച്ചിട്ടുണ്ട്. മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി ജില്ലാ ആസൂത്രണസമിതി മുഖേന വിഷയങ്ങൾ നൽകുന്ന രീതിയിലാണ് ഇത് ക്രമപ്പെടുത്തി സൂചന (1) പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളത്. 13.08.2018-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ മൂന്നു വർഷമായി ഈ രീതിയാണ് തുടരുന്നത്. ജില്ലാ ആസൂത്രണ സമിതി സെക്രട്ടേറിയറ്റായ ജില്ലാ പ്ലാനിംഗ് ഓഫീസർ മുഖേന വിഷയങ്ങൾ നൽകുന്നതിനാൽ ജില്ലാതലത്തിൽ (ഡി.പി.സി, ജില്ലാതല അപ്പലേറ്റ് കമ്മിറ്റി, നൂതന പ്രോജക്ടുകൾക്കു വേണ്ടിയുള്ള ജില്ലാതല കമ്മിറ്റി തുടങ്ങിയവ) തീരുമാനമെടുക്കേണ്ട വിഷയങ്ങളിന്മേൽ അവിടെ തന്നെ തീരുമാനമെടുക്കാൻ കഴിയുന്നുണ്ട്. ഒപ്പം പരിശോധനാ റിപ്പോർട്ടുകൾ, ജില്ലാ ആസൂത്രണസമിതിയുടെ ശിപാർശകൾ എന്നിവയും ജില്ലാ പ്ലാനിംഗ് ഓഫീസർക്ക് അനുബന്ധമായി ചേർക്കാൻ കഴിയും. കൂടാതെ തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുന്ന വിഷയങ്ങൾ കൃത്യമായി track ചെയ്യാനും സൗകര്യമുണ്ട്. ഐ.കെ.എം. ഏർപ്പെടുത്തിയ ഈ സൗകര്യം കാലതാമസം ഒഴിവാക്കാനും കോഓർഡിനേഷൻ കമ്മിറ്റിയുടെ പ്രവർത്തനം ചിട്ടപ്പെടുത്താനും സഹായകരമായി. ഐ.കെ.എം. പോർട്ടൽവഴി നൽകുന്ന ഈ രീതി കുറ്റമറ്റതാക്കി തുടരാൻ സൂചിത യോഗം തീരുമാനിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് ചുവടെയുള്ള അധിക നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു-

- ജില്ലാ ആസൂത്രണ സമിതി പരിഹരിക്കേണ്ട വിഷയങ്ങൾ, ജില്ലാതല അപ്പലേറ്റ് കമ്മിറ്റി പരിഹരിക്കേണ്ട വിഷയങ്ങൾ, നൂതന പ്രോജക്ടുകൾക്കു വേണ്ടിയുള്ള ജില്ലാതല കമ്മിറ്റി പരിഗണിക്കേണ്ട വിഷയങ്ങൾ തുടങ്ങിയവ ജില്ലാതലത്തിൽ തന്നെ പരിഹരിക്കുന്നതിന് നടപടി

സ്വീകരിക്കണമെന്ന് ജില്ലാ പ്ലാനിംഗ് ഓഫിസർമാർക്ക് നിർദ്ദേശം നൽകുന്നു.

- കോഓർഡിനേഷൻ കമ്മിറ്റിക്കു നൽകുന്ന വിഷയങ്ങളിൽ ആവശ്യമായ വിവരങ്ങൾ എല്ലാം തന്നെ ഉണ്ട് എന്ന് ഉറപ്പുവരുത്തി ജില്ലാ പ്ലാനിംഗ് ഓഫീസർമാരുടെ പരിശോധന കുറിപ്പ് കൃത്യമായി രേഖപ്പെടുത്തി വേണം കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കായി സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിന് നൽകേണ്ടത്.
- എന്നാൽ വകുപ്പുമേധാവികൾ അതതു വകുപ്പുകളുടെ വിഷയങ്ങൾ അജണ്ട കുറിപ്പു തയ്യാറാക്കാനായി എസ്.ആർ.ജിയിലേക്ക് നേരിട്ട് നൽകേണ്ടതാണ്.
- തദ്ദേശസ്വയം ഭരണ വകുപ്പിൽ പരിശോധന നടത്തി വരുന്ന ഫയലുകളും കോഓർഡിനേഷൻ കമ്മിറ്റി അജണ്ടയിൽ ഉൾപ്പെടുത്തേണ്ടതാണ്.
- കോഓർഡിനേഷൻ കമ്മിറ്റിയുടെ അജണ്ട കുറിപ്പ് രണ്ടു ദിവസം മുൻപ് അംഗങ്ങൾക്ക് ലഭ്യമാക്കുന്ന ഇപ്പോഴത്തെ രീതി തുടരണം. അജണ്ട അന്തിമമാക്കുന്നതിന് 2 ദിവസം മുൻപെങ്കിലും വിഷയങ്ങൾ വിശദാംശം സഹിതം നൽകണം.
- ഓഡിറ്റ് കുറിപ്പിന്മേലുള്ള വിഷയത്തിന്മേൽ സാധൂകരണം, അംഗീകാരം എന്നിവ കോഓർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കുന്നതല്ല. ഇങ്ങനെയുള്ള വിഷയങ്ങൾ അജണ്ടയിൽ ഉൾപ്പെടുത്തേണ്ടതില്ല. അവ ബന്ധപ്പെട്ട വകുപ്പുമേധാവികൾ പരിശോധിച്ച് ആവശ്യമായ തുടർ നടപടിക്ക് തദ്ദേശ സ്വയംഭരണ വകുപ്പിന് നൽകേണ്ടതാണ്.

ലീന എൻ പി
ജോയിന്റ് സെക്രട്ടറി

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമ വികസന കമ്മീഷണർ
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
ഡയറക്ടർ ജനറൽ, കില
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
തദ്ദേശ സ്വയംഭരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
**Signed by Sureshkumar K**
**Date: 04-03-2022 17:24:29**

സെക്ഷൻ ഓഫീസർ.